ഉത്തരം

(എ) കേരളത്തിന്റെ മൊത്തം വികസനത്തിനും ജനങ്ങളിൽ ശാസ്ത്ര ബോധം വളർത്തുന്നതിനും, ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിനും, ശാസ്ത്രസാങ്കേതിക രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പു താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികരിക്കുന്നതിനും മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായുള്ള ആശയവിനിമയം കാര്യക്ഷമമാക്കുന്നതിനും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി തിരുവനന്തപുരത്തെ ഇലക്ട്രോണിക്സ് റിസർച്ച് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ സ്റ്റെക്മെന്റ് എന്ന പ്രോജക്ടിനു രൂപം നൽകിയിട്ടുണ്ട്. പണി പൂർത്തിയായ സ്റ്റെക്കിന്റെ പുതിയ ആഫീസിൽ ഒരു ഇലക്ട്രോണിക് ഫെറൽ ലൈബ്രറി സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളും, വികസന വകുപ്പുകളും തമ്മിലുള്ള ആശയവിനിയം കാര്യക്ഷമമാക്കാൻ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വകുപ്പുധനസഹായം നൽകുന്ന ഗവേഷണ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിനും, ഗവേഷകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകാൻ ഉദ്ദേശിച്ച് വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശാസ്ത്ര വിജ്ഞാന വിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും കുട്ടികളുടെ ഓരോ സയൻസ് ക്ലബ് എന്നടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശാസ്ത്രം കൂടുതൽ ജനകീയവൽക്കരിക്കാൻ ഉദ്ദേശിച്ച് രാജ്യത്തെ മികച്ച ശാസ്ത്രജ്ഞരുടെ ഒരു പ്രതിമാസ പ്രഭാഷണപരമ്പര ആരംഭിച്ചിട്ടുണ്ട്. മാനവീയം പരിപാടിയിൽ ഉൾപ്പെടുത്തി ഇത്തരം പ്രഭാഷണങ്ങൾക്ക് വേണ്ട സഹായം ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ജനങ്ങൾക്ക് ഉടനെയും കാലക്രമേണയും ഫലങ്ങൾ പ്രയോജനപ്പെടുത്തുന്ന ഗവേഷണങ്ങളാണ് ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ ചെയ്തുവരുന്നത്. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള ഗവേഷണ ഫലങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വർഷവും അതാത് ഗവേഷണ സ്ഥാപനങ്ങളിൽ വച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കൺസൾട്ടേറ്റീവ് മീറ്റിംഗുകൾ നടത്തിവരുന്നു. ഇതുകൂടാതെ മീറ്റിംഗുകളിൽ യൂസർ ഡിപ്പാർട്ടുമെന്റുകൾ മുൻപോട്ട് വയ്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യോജ്യമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഗവേഷണം നടത്തുന്നതിനുമായി മിഷൻമോഡ്പ്രോഗ്രാം, നാചറൽ റിസോർസ് ഡേറ്റാ മാനേജ്മെന്റ് സിസ്റ്റം, എൻവയോൺമെന്റ് ആന്റ് ഇക്കോളജി പ്രോഗ്രാം എന്നീ ഗവേഷണങ്ങളും നടത്തി വരുന്നു.

(സി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

242(2349) ജാതിതിരിച്ചുള്ള തസ്തിക അടിസ്ഥാനത്തിലുള്ള ലിസ്റ്റ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പെർക്കളം അബ്ദുള്ള :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ വിവിധവകുപ്പുകളിലെ പിന്നോക്ക സമുദായാംഗങ്ങളുടെ ജാതി തിരിച്ചുള്ള തസ്തിക അടിസ്ഥാനത്തിലുള്ള ലിസ്റ്റ് സർക്കാരിന്റെ കൈവശമുണ്ടോ;

(ബി) ഇതല്ലെങ്കിൽ അത്തരത്തിലുള്ള ഒരു ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ കൈക്കൊള്ളുമോ;

(സി) എത്ര കാലയളവിനുള്ളിൽ ഇത്തരത്തിലുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) കേരള പിന്നോക്ക വിഭാഗ കമ്മീഷൻ 31-12-96 വരെയുള്ള എല്ലാ ഗവൺമെന്റ്ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും ഉള്ള ലിസ്റ്റ് ശേഖരിച്ച് പ്രോസസ് ചെയതിട്ടുണ്ട്. ഇതിനു പുറമേ സർക്കാർ ഈ വിഷയം വിശദമായി പഠിച്ച് ആറു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായുള്ള മുന്നംഗകമ്മീഷനെ നിയമിച്ചിട്ടുണ്ട്.

243(2351) പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ ആനുകൂല്യം നൽകണമെന്ന ആവശ്യം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 19 ഉപജാതികളെക്കൂടി ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ് വഴി സംസ്ഥാനത്തെ എത്ര ഉപജാതികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് അറിയിക്കുമോ;

(സി) 1984-ലെ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ 'തണ്ടാൻ' സമുദായത്തിൽപ്പെട്ട എല്ലാവർക്കും പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ആനുകൂല്യം ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ആനുകൂല്യം 1987 ലെ ഒരു ഉത്തരവ് വഴി പിൻവലിക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ അത് എപ്രകാരമായിരുന്നുവെന്നും അതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കുമോ;

(എഫ്)സംസ്ഥാനത്തെ മുഴുവൻ 'തണ്ടാൻ' സമുദായ അംഗങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ ആനുകൂല്യം ലഭിക്കുംവിധം നിലവിലുള്ള ഉത്തരവ് ഭേദഗതി ചെയ്യാൻ സർക്കാർ സന്നദ്ധമാകുമോ;

LIBRARY ARCHIVES Kerala Legislative Assembly